

RIGHT CLICK
DIGITAL MAGAZINE
C.P.H.S.S KUTTIKKADU

LK/2018/40045



## സന്ദേശം



*ആധുനിക ലോകത്ത് പഠനം ആയാസരഹിതമാവുകയും വിവരങ്ങൾ വിരൽ ത്തുമ്പിൽ ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സി പി എച്ച് എസ്സിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനും അതിന്റെ അണിയറയിൽ പ്രവർത്തിച്ച അംഗങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.*

*ഉഷറാണി പി എസ്*

*ഹെഡ്മിസ്ട്രസ്*

*സി പി എച്ച് എസ് എസ്*

*കുറ്റിക്കാട്.*

# സന്ദേശം



വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യയെ കൈപ്പിടിയിലൊതുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ഐ ടി അധിഷ്ഠിത പരിപാടിയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ബിനു വി എസ്

പ്രിൻസിപ്പൾ

സി പി എച്ച്എസ്സ്എസ്സ്

*കുറ്റിക്കാട്*

# സന്ദേശം



സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ വളരെയധികം സന്തോഷം. ഒപ്പം കൊച്ചുകുട്ടുകാരുടെ പ്രയത്നത്തിനും സംരംഭത്തിനും എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ജി.രാജീവ്

പി ടി എ പ്രസിഡന്റ്

സി പി എച്ച് എസ് എസ് കുറ്റിക്കാട്

# അണിയറയിൽ

## മാഗസിൻ കമ്മിറ്റി

| | |
|---|---|
| ഉഷറാണി പി എസ് | ഹെഡ്മിസ്ട്രസ് |
| ജി രാജീവ് | പി ടി എ പ്രസിഡന്റ് |
| അബു ബഷർ | കൈറ്റ്സ് ലീഡർ |
| നിമ മുരുകൻ | കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ |
| സന്തോഷ് കെ | കൈറ്റ്സ് മാസ്റ്റർ |
| റാണി വി | കൈറ്റ് മിസ്ട്രസ് |

## ചീഫ് എഡിറ്റർ

| | |
|---|---|
| തീർത്ഥ എം എസ് | കൈറ്റ്സ് അംഗം |

## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| മുഹമ്മദ് മെഹ്‌വിൻ | കൈറ്റ്സ് അംഗം |
| ആദർശ് ലാൽ | കൈറ്റ്സ് അംഗം |
| വിശാൽ വിജയ് | കൈറ്റ്സ് അംഗം |
| ആദിത്യൻ ഒ വി | കൈറ്റ്സ് അംഗം |

## കവർ ഡിസൈൻ

| | |
|---|---|
| ആദിൽ മുഹമ്മദ് കെ എസ് | കൈറ്റ്സ് അംഗം |

## സഹകരണം

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ - 2019 - 21**

***സി പി എച്ച് എസ് എസ് കുറ്റിക്കാട്***



## ആമുഖം



*പ്രിയമുള്ളവരെ*

*കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വിവിധ പരിപാടികൾ നടന്നുവരുകയാണല്ലോ. ഇതിനോടനുബന്ധിച്ച് രൂപീകൃതമായിട്ടുള്ള ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇങ്ങനെയൊരു മാഗസിൻ തയ്യാറാക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യം ഉണ്ട്. ഇതിന് സഹായിച്ച എല്ലാവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.*

*സസ്നേഹം*

*ചീഫ് എഡിറ്റർ*

*തീർത്ഥ എം എസ്*

**താളുകളിലൂടെ**

Kalidasa......16
Mahathma Gandhi......18
അന്ന് ആ വഴിവക്കിൽ......12
ഒടിഞ്ഞ ചാരുകസേര......15
ചുരുളഴിയാത്ത രഹസ്യങ്ങൾ......11
ഡോ.എ.പി.ജെ അബ്ദുൾ കലാം......19
പൂക്കാലം......9
പ്രതി പിടക്കോഴി......13
മഹദ് വചനങ്ങൾ......29
വെറും മണ്ണാണനീ......24
സ്നേഹത്തിന്റെ പര്യായം......27

# പൂക്കാലം



പൂക്കാലം പരവായി
നന്മതൻ കാലം വരവായി
വർണശോഭ നൽകും
വസന്തകാലം വരവായി
പൂക്കാലം വരവായി

ചിത്രശലഭക്കൂട്ടം വരവായി
ഉന്മാദത്തിൻ കാലം
ഇത് ആഹ്ലാദത്തിൻ കാലം
പൂക്കൾ തൻ സൗരഭ്യ കാലം
ആമോദത്തിൻ പൂക്കാലം

പൊൻകതിരുകൾ പൂക്കും കാലം
പൊന്നിൻ പൂക്കാലം വരവായി
ഹൃദയത്തിൻ തേൻ നുകരാനായ്
പൂക്കൾ വിടരുകയായ്
സ്നേഹത്താൽ നിറയ്ക്കാമീ പൂക്കാലം.......



പ്രണവ്യ എസ്
***9 D***

## ചുരുളഴിയാത്ത രഹസ്യങ്ങൾ

### പ്രേതം കയറും റൈഡുകൾ

അമേരിക്കയിലെ ന്യൂ ഓർലിൻസിലെ പ്രവർത്തനം നിലച്ച അമ്യൂസ്മെന്റ് പാർക്കിന്റെ മതിലുചാടി ചില ചെറുപ്പക്കാർ അകത്തു കടന്നു.മുന്നോട്ടു നടക്കുന്തോറും ആരോ തങ്ങളെ നോക്കുന്നതായി അവർക്ക് തോന്നിക്കൊണ്ടേയിരുന്നു.പെട്ടെന്ന് ഒരു റൈഡ് പ്രവർത്തിക്കുന്ന ശബ്ദം മുഴങ്ങിക്കേട്ടു.ഒപ്പം കുട്ടികളുടെ പൊട്ടിച്ചിരിയും.

2000-ൽ പ്രവർത്തനം തുടങ്ങി പിന്നീട് കത്രീന ചുഴലിക്കാറ്റിൽ പ്പെട്ട് തകർന്നുപോയ ആ പാർക്കിൽ ഇത്തരം വിചിത്രാനുഭവങ്ങൾ പതിവാണ്.ആ പാർക്കിൽ പാതിരാത്രി കുട്ടികൾ റൈഡിൽ കളിക്കുന്നതു ചിലർ കണ്ടിട്ടുണ്ടത്രേ!.

ആ പാർക്ക് നന്നാക്കിയെടുക്കാൻ അതിന്റെ ഉടമകൾ പലവട്ടം ശ്രമിച്ചെങ്കിലും ഓരോരോ തടസ്സങ്ങൾ കാരണം പണി മുന്നോട്ടു നീങ്ങിയില്ല.

ജനങ്ങളുടെ വെറും പേടിയാണോ ഇത് ? അതോ അവിടെ ശരിക്കും പ്രേതബാധയുണ്ടോ ? ഇന്നും ചുരുളവിയാതെ ന്യൂ ഓർലിൻസിലെ രഹസ്യങ്ങൾ നിലനിൽക്കുന്നു.



ഗംഗ എം എൻ

***8 D***

## അന്ന് ആ വഴിവക്കിൽ

അന്ന് ഞാൻ ആ വളിവക്കിൽ കണ്ടു
എൻ നെഞ്ച് നടുങ്ങി ആനന്ദമേറിയ
എൻ ജീവിത വീഥിയിൽ ആ നേരം
കാർമേഘം ഇരുണ്ടുകൂടി

അടുക്കൽ ഞാൻ ചെല്ലും തോറും
അവൾ അലറി വിളിക്കുന്നു
തെല്ലെന്ന നിമിഷെം എന്തു
ചെയ്യണനമെന്നറിയാതെ ഞാനും

ഒടുവിൽ എൻ കണ്ണിലെ കണ്ണുനീർ
നീക്കി അവളെ ഞാൻ വിളിച്ചു
എൻ പനിനീർ ചെടിയിൽ നിന്നടർന്നുവീണ
പൂവേ...........



ആർച്ച ഉണ്ണി
***9 D***

## പ്രതി പിടക്കോഴി

വാൾപ്പേപ്പർ തെന്നൽ വീണ്ടും
ഇന്ത്യൻകൊടിയിൽ നിന്ന് പാകിസ്ഥാൻ
കൊടിയിലേക്ക്
തട്ടമിട്ട കുട്ടി ഉപ്പൂപ്പ മസ്ജിദിൽ
പോകുന്നതിന് മുമ്പ്
ബാല്യകാലസഖി നോക്കി പൊട്ടിക്കരച്ചിൽ
ഞാനപ്പോളേ പറഞ്ഞില്ലേ
"പെണ്ണിന് പഠിപ്പും പാടോം
എണങ്ങൂല്ലാന്ന് "
ബന്ധിതഭസ്മം തൊട്ട കുട്ടി
എക്സും വൈയും സമർത്ഥമായി
ശരിയാക്കുമ്പോൾ കാശിക്ക പോകാനുള്ള
ഡ്രസ്കോഡ് നോക്കി
കാവിബ്ലൗസ് തയ്പ്പിക്കാൻ
പോകുന്ന അമ്മൂമ്മ
"പെണ്ണ് പടിക്കാൻ പോണതേ,
പ്രേമലേഖനമെഴുതാനാന്നേ"
ഇന്നലെ കുട്ടി അതിരുകടക്കാൻ
തയ്യാറായി തലയിൽ തട്ടവും
നെറുകിൽ ചന്ദനവും ചുണ്ടിൽ
ചന്ദനവുമായി നടക്കുമ്പോൾ
മുഖത്ത് 'അ'പരിചിതൻ ആസിഡ്
തഴുകി , ഇതെല്ലാം സി.സി.ടി.വി
കണ്ണുകൊണ്ട് കണ്ട കണ്ണുമൂടിയ
ദേവത പറഞ്ഞു: പിടയെ

കുട്ടിലിട്ടില്ലെങ്കിൽ പിട
കോഴിയാവും പ്രതി
പിടയാവും പ്രതി പിടക്കോഴി

*തന്നെ....*



***ആദിത്യ രാജേഷ്***

***8D***

## ഒടിഞ്ഞ ചാരുകസേര


കാലത്തിന്റെ കറുത്ത തളങ്ങളിൽ പ്രതിധ്വനിച്ചും
കാറ്റിനോട് കയർത്തും
ധൃതരാഷ്ട്രപ്പച്ചയെപ്പോലും ഞെക്കിക്കൊന്നും
ആത്മാക്കൾ എന്തിനോ വേണ്ടി അലയുന്നു.
അപ്പോഴും ആ സമരങ്ങൾ കുഴിച്ചു
മൂടിയിട്ടവയലേലയിലെ കളിമണ്ണ്
കണ്ണീരൊഴുകാതെ കരയുന്നുണ്ടായിരുന്നു
എന്റോസൽഫാൻ വാനരന്മാരാക്കില്ല
നരന്മാർക്ക് മുമ്പിലും
വോട്ടിംഗ് യന്ത്രവും വാല്യചുരുട്ടും
വാഗ്ദാനങ്ങളും.
ഉളുപ്പില്ലാതെ ചിരിക്കുന്ന
നാൽക്കാലികളുടെ കളമ്പുകളും
നാലുകെട്ടും , കല്ലുമാലയും , അപ്പോൾ
ചോദിച്ചു,
ചോരയും , ചെങ്കൊടിയും , മോട്ടോർവാഹനത്തിന്റെ
പിന്നിലും. ഭരണകക്ഷികളുടെ എസ്റ്റേറ്റുകളിലും
സ്ഥിരതാമസമാക്കിയതെപ്പോഴായിരുന്നു ?



*ആദിത്യ രാജേഷ്*

*8D*

# *Kalidasa*



Kalidasa is Indias greatest Sanskrit poet and dramatist. The when he flourished always has being an unsetteled question , although most scholar nowadays favour the middle forth and early fifith centuries AD , during the region of Chandraguptha II , Vikramadithya and his successer Kumaraguptha. Undetermined also is the place of Kalidasa 's principle literary activity. The frequent and minute geographic allusion in his works suggest that he travelled extensevily.

There are three plays attributed to Kalidasa. They are Malavikaagnimithra , Vikramorvashiya and Abhigyaanashaakuntalam. In addition to this three play Kalidasa wrote two long epic poems. They are Kumarasambhava and Reghuvamsha.Finally there are lyric poem the Meghadutha and Rithusamaaharam. Meghadutha is in many ways that the finest and the most of all Kalidasa works and certainly one the masterpiece of the world literature.


LK/2018/40045



Ardra R

9D

## *Mahathma Gandhi*



MohanDas karamChand Gandhi was born on October 2 1869 at Phorbhandar in Gujarat. He was an Indian lawyer , anti – colonial nationalist , and political ethicist who employed nonviolent resistance to lead the sucsessful compaign for India's Independence from British rule and in turn inspire movements for civil rights. He was revered the world over for his nonviolent philosophy of passive resisistance. He was known to his many followers as Mahathma or the great soved one. He began his activism as a Indian immigrant in the South Africa in the early 1900 's and in the year following world.He was become the leading figure in India struggle to gain Independence from the great Britain. After partician in 1947 , he continued the work towards peace between Hindu and Muslims. Gandhi was shooted by a Hindhu fndamentalist in Delhi on 1948 January 30.



Abhinav S B
8 D

## ഡോ. എ. പി. ജെ അബ്ദുൾ കലാം



### ബാല്യവും വിദ്യാഭ്യാസവും

1931 ഒക്ടോബർ പതിനഞ്ചാം തീയതി തമിഴ് നാട്ടിലെ രാമേശ്വരത്ത് ഒരു അഗ്നി നക്ഷത്രം ഉദിച്ചു.ലോകത്തിന്റെ നിറുകയിൽ സ്വന്തമായൊരിടം കണ്ടെത്താൻ നിയോഗവുമായി ജനിച്ച ആ ശിശുവിന് ശൈശവും ബാല്യവുമൊന്നും അത്ര സമ്പന്നമായിരുന്നില്ല.എന്നിട്ടും ആ ശിശു വളർന്നത് അസാധാരണമായ മികവിന്റെ പടവുകൾ ചവിട്ടിക്കയറിക്കൊണ്ടായിരുന്നു.അവുൽ പകീർ ജൈനലാബ്ദീൻ അബ്ദുൾ കലാം എന്ന എപിജെ അബ്ദുൾ കലാമായിരുന്നു ആ ശിശു. ജീവിത സാഹചര്യങ്ങളാകട്ടെ ശരാശരി ഇന്ത്യൻ കുടുമ്പത്തിൽ നിന്നും വ്യത്യസ്തവുമായിരുന്നില്ല. പഴയ മദ്രാസ് പ്രവിശ്യയുടെ ഭാഗമായ പാമ്പൻ ദ്വീപിലെ ഹൈന്ദവ തീർഥാടന നഗരമായ രാമേശ്വരമായിരുന്നു ഇദ്ദേഹത്തിന്റെ ജന്മ സ്ഥലം. പിതാവ് ബോട്ടുടമയും സ്ഥലത്തെ മോസ്കിലെ പുരോഗിതനുമായിരുന്ന ജൈനലബ്ദീൻ. മാതാവ് വീട്ടമ്മയായ ആഷിയാമ്മ. കലാം എന്ന ഇസ്ലാമിക പദത്തിന്റെ അർഥം പ്രസംഗം ,പ്രഭാഷണം എന്നൊക്കെയാണ്.അബ്ദുൾ എന്ന നാമപദതത്തിന്റെ അർഥം കണ്ടെത്താൻ സമാന പദങ്ങളായ അബ്ദുള്ളയും അബ്ദുളും തെരയണം.അബ്ദുള്ളയെന്നാൽ

ദൈവത്തിന്റെ ദാസനെന്നും അബ്ദുൾ എന്നാൽ ദാസൻ എന്നുമാണ് അർഥം.

ഇതിൽ ഏതർഥം സ്വീകരിച്ചാലും എപിജെ അബ്ദുൾ കമാമിനിണങ്ങുമെന്ന് പിൽക്കാല ചരിത്രം തെളിയിച്ചു.സംവാദങ്ങളിലൂടെ അദ്ദേഹത്തിന് ആയിരങ്ങളുടെ മനസ്സിൽ കയറിപ്പറ്റാൻ സാധിച്ചു. അദ്ദേഹം പ്രഭാഷണ കലയുടെ ആഴങ്ങളായിരുന്നു കണ്ടെത്തിയത്. അതുപോലെ സർവ മതസംഭാവനയിലൂന്നിയ ഈശ്വര സങ്കൽപത്തിലൂടെ ദൈവദാസനുമായി.

നാലു സഹോദരന്മാർക്കും ഒരു സഹോദരിക്കും താഴെ ഏറ്റവുമിളയയാൾ അബ്ദുൾ കലാമായിരുന്നു.മുബമ്മദ് മുത്തുമീരാ ലെബ്ബായ് മരൈക്കാർ മുസ്തഫ കമാൽ ,കാസിം മുഹമ്മദ് എന്നിവരായിരുന്നു കലാമിന്റെ സഹോദരന്മാർ ആസിം സുഹ്റ സഹോദരിയും.മൂത്തസഹോദരൻ മുത്തുമീര മരയ്ക്കാരുടെ പേരിനൊപ്പമുള്ള മരയ്ക്കാർ എന്നത് നാട്ടുകാർ ഇവർക്കു സ്നേഹപൂർവം നൽകിയ വിളിപ്പേരിന്റെ ഭാഗമായിരുന്നു.രാമേശ്വരത്തു നിന്ന് ധനുഷ് കോടിയിലേക്ക് ബോട്ട് സർവീസ് നടത്തിയിരുന്നതിനാൽ രണ്ടുതലമുറ മുമ്പ് മുതൽ തന്നെ നാട്ടുകാർ ഇവരെ മരയ്ക്കാർ എന്നു സ്നേഹപൂർവ്വം വിളിച്ചുപോന്നു.

വളരെ സുഭിക്ഷമായ ജീവിതസാഹചര്യങ്ങളായിരുന്നു രണ്ടു തലമുറ മുമ്പു വരെ ഇദ്ദേഹത്തിന്റെ കുടുബത്തിലുണ്ടായിരുന്നത്.എന്നാൽ കലാമിന്റെ കാലമെത്തിയതോടെ സാമ്പത്തിക സ്ഥിതി തീരെ ക്ഷെയിച്ചിരുന്നു.1914-ൽ പാമ്പൻ പാലം ഗതാഗതത്തിനു തുറന്നുകൊടുത്തതോടെയാണ് ഇവരുടെ കുടുംബത്തിന്റെ ചക്രം തിരിച്ചുകയറാൻ തുടങ്ങിയത്.രാമേശ്വരത്തു നിന്ന് ധനുഷ്ക്കോടിയിലേക്ക് തീർഥാടകരുമായി സർവീസ് നടത്തുന്ന ബോട്ടിന്റെ ഉടമയായിരുന്നു ഇദ്ദേഹത്തിന്റെ മുത്തശ്ശൻ.അച്ഛന്റെ കാലമെത്തിയപ്പോഴും ബോട്ട് സർവ്വീസുണ്ടായിരുന്നു.എന്നാൽ മുൻ കാലങ്ങളിലെ പോലെ ആദായകകരമല്ലായിരുന്നു എന്നുമാത്രം.ബോട്ട് സർവീസിനു പുറമേ

പലവ്യഞ്ജനസാധനങ്ങളുടെ വിപണിയും ഇവരുടെ കുടുംബത്തിനു മുൻ ുക്കമുള്ളതായിരുന്നു.രാമേശ്വരത്തിന്റെ ദ്വീപസ്വഭാവമായിരുന്നു ഈ കച്ചവടത്തിനുംവേണ്ട അവസരമൊരുക്കിയത്.പാമ്പൻ പാലം വന്നതോടെ ബോട്ട് സർവീസിനൊപ്പം പലവ്യഞ്ജന കച്ചവടവും നിലച്ചുവെന്നു പറയാം.ഫലമോ ഇവരുടെ കുടുംബം സാമ്പത്തികമായി തകരുന്ന നിലയിലായിരുന്നു.ഇവയോടു പൊരുതിയായിരുന്നു കലാമിന്റെ വിദ്യാഭ്യാസവും ബാല്യവുമെല്ലാം.എങ്കിലും പഠനത്തിനു മാത്രം കുറവൊന്നും വരുത്താൻ മാതാപിതാക്കൾ തയ്യാറായില്ല.

രാമേശ്വരത്തെ എലിമെന്റെറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ കൊച്ചു കലാം ഹൈസ്കൂൾ പഠനത്തിനായി ജില്ലാ തലസ്ഥാനമായ രാമനാഥപുരത്തുള്ള ഷ്വാഴ്സ്ഹൈസ്കൂളിൽ ചേർന്നു.അതിനു ശേഷം മദ്രാസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടിച്ചി സെന്റ് ജോസഫ് കോളേജിൽ 1950-ൽ ചേരുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 1954-ൽ ഫിസിക്സിൽ ബിരുദം സമ്പാദിക്കുകയും ചെയ്തു.തുടർന്നു മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ചേർന്ന് എയറോസ്പേസ് എൻജിനിയേറിങ്ങിലും ബിരുദം കരസ്ഥമാക്കി.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തങ്ങളുടെ പൂർവികർ നിർമ്മിച്ച വീട്ടിലായിരുന്നു കലാമും അദ്ദേഹത്തിന്റെ കുടുംബവും ഈ സമയമെല്ലാം താമസിച്ചിരുന്നത്.ഗതകാല പ്രൗഢിയുടെ ഓർമ്മകൾ പേറുന്ന സുന്ദരമായ കെട്ടിടമായിരുന്നു അത്.മാതൃകാ ദമ്പതിമാരായിരുന്ന കലാമിന്റെ മാതാപിതാക്കൾ സാമ്പത്തിക പരിമിതിയോടുപൊരുത്തപ്പെട്ട് അനാവശ്യസൗകര്യങ്ങളും ആഢംബരങ്ങഴും ഒഴിവാക്കിയായിരുന്നു ജീവിച്ചിരുന്നത്.സാമ്പത്തിക പരിമിതിയുടെ ഭാരം കുട്ടികളിലേക്ക് പകരുന്നതിന് ഇവർ അനുവധിച്ചിരുന്നെങ്കിലും കുട്ടികൾ വളർന്നു വന്നത് ലളിത ജീവിതത്തിന്റെ സന്ദേശം ഉൾക്കൊണ്ടു തന്നെയാണ്.

രാമേശ്വരത്ത് നിന്നും ധനുഷ്കോടി അഥവാ സേതുക്കരയിലേക്കും തിരിച്ചും ബോട്ടിൽ സഞ്ചരിക്കുന്ന തീർഥാടകരുടെ എണ്ണം കുറഞ്ഞിരുന്നെങ്കിൽ പോലും വീട്ടുകാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള വരുമാനം അതിൽ നിന്നും ലഭിക്കുമായിരുന്നു.സൂര്യോദയത്തിനു മുമ്പു തന്നെ പ്രാർഥനയോടുകൂടി ഒരു ദിവസം ആരംഭിക്കുന്ന പിതാവിനെയായിരുന്നു കലാമും സഹോദരങ്ങളും കണ്ടിരുന്നത്.അതിനു ശേഷം അദ്ദേഹം സ്വന്തം കൃഷിയിടത്തിലേക്കായിരുന്നു പോകുമായിരുന്നത്.നാലുമൈലുകൾക്കപ്പുറമായിരുന്നു കൃഷിയിടം. പ്രധാന കൃഷി തെങ്ങ് . ഇതിനുപുറമേ രണ്ടു ചെറിയ പലവ്യജ്ഞന കടകളും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇവയിൽനിന്നും ചെറുതെങ്കിലും സ്ഥിരമായവരുമാനം ലഭിക്കുമായിരുന്നു.എന്തു തന്നെയായാലും സംതൃപ്തമായിട്ടായിരുന്നു ആ മാതൃകാ കുടുംബം കഴിഞ്ഞു വന്നിരുന്നത്.

പിതാവിനൊപ്പം കടകളിൽ സഹായിയായി നിൽക്കുന്നതും ബന്ധുവായ ഷംസുദ്ദീന്റെ പത്രവിതരണത്തിൽ സഹായിക്കുന്നതുമെല്ലാമായിരുന്നു കലാമിന്റെ ഒഴിവു സമയ പ്രവർത്തനങ്ങൾ.സ്ഥലത്തെ മസ്ജിദിൽ ഇമാമായിരുന്ന പിതാവും രാമസ്വാമി ക്ഷേത്രത്തിലെ പുരോഹിത ശ്രേഷ്ഠനായ പാക്ഷി ലക്ഷ്മണ ശാസ്ത്രിയും ക്രൈസ്തവദേവാലയത്തിലെ പുരോഹിതനും ഒത്തു ചേർന്നിരുന്ന് പല സായാഹ്നങ്ങളിലും ദേശീയവും പ്രാദേശികവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് കണ്ടാണ് കലാംവളരുന്നത്. സർവമത സമഭാവനയുടെ സന്ദേശങ്ങളാണ് ഇതിലൂടെ കലാമിനു സിദ്ധിച്ചു പോന്നത്.

പറയത്തക്ക ഔപചാരിക വിദ്യാഭ്യാസമൊന്നും കലാമിന്റെ പിതാവിനുണ്ടായിരുന്നില്ല.എങ്കിലും അദ്ദേഹം ജ്ഞാനിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും സർവ്വോപരി പ്രാർ ത്ഥന

***സഹായങ്ങൾക്ക് വേണ്ടി വിവിധ മതസ്ഥരായവർ അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. കൂടാതെ ഒരു ദീർഘദർശി കൂടിയായിരുന്നു തന്റെ***

*പിതാവ് എന്ന് കലാം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ദേശം വിട്ട് ദൂരെ സ്ഥലത്തേക്കു പോകേണ്ടി വന്നപ്പോൾ സർവ്വശക്തനായ ദൈവം തന്നെ അനുഗ്രഹിക്കട്ടെയെന്ന് പറഞ്ഞ പിതാവ് രാമേശ്വരത്ത്കാർക്ക് സ്വപ്നത്തിൽ പോലും കാണാനാവാത്ത നാളെയുടെ ഭവനത്തിലായിരിക്കും തന്റെ മകൻ വസിക്കുക എന്നു കൂടി കൂട്ടി ചേർത്തതായി അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. ഒരു ജില്ലയുടെ ഭരണകർത്താവായ കളക്ടറായി തന്റെ മകൻ മാറുമെന്നായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. കലാം ഭരണകർത്താവ് തന്നെയായി മാറി. എന്നാൽ ജില്ലയുടെ അല്ലായിരുന്നു എന്നു മാത്രം. ഒരു രാജ്യത്തിന്റെ തന്നെ തലവനായിത്തീരാനായിരുന്നു ദീർഘദർശിയായ ആ പിതാവിന്റെ മകന്റെ നിയോഗം.*



*തീർത്ഥ എം എസ്*

***9 D***

## വെറും മണ്ണാണണി

പ്രത്യാശപൂർണ്ണമാം നയനങ്ങളെ
മെല്ലെ വിടർത്തുന്ന മഞ്ഞുതുള്ളി
ഓർമ്മകളോരോന്നൊലതല്ലിയുൾപ്പൂവിൽ
പനിനീർപ്പൂ വിരിഞ്ഞിതാ കുഞ്ഞധരങ്ങളിൽ

ഗ്രാമത്തിൻ ജീവനാം ആ കുഞ്ഞുപൂന്തോട്ടത്തിൽ
പൊട്ടിച്ചിരിയോടെ ഒഴുകിയിരുന്നവൾ,
കിലുക്കാംപെട്ടിയായ് ഗ്രാമത്തിൻ സംഗീതമായ്
കുളിർമ്മയായ്, സർവ്വസ്വമായ്

ഒരുദിനം കിഴക്കിന്റെ പൊൻകതിരോൻ
ആരാരും കാണാതെ കൊണ്ടേപോയ്
മാനത്തെ രാജ്യത്ത് കൊണ്ടേപോയീ
മേഘമാം മഞ്ചലിൽ കയറ്റിയെന്നെ
ഒരു കൊച്ചുറാണിയെപ്പോലെതന്നെ

കുളിർക്കാറ്റുവന്നു വഹിച്ചുകൊണ്ടേ പോയ്
മെല്ലെ മെല്ലെ മിഴികൾ തുറന്നവൾ
സഹ്യന്റെ നാട്ടിലെ ചന്തംനുകരുവാൻ
പെട്ടന്നവൾ നടുങ്ങി! കുഴങ്ങി! തലചുറ്റിയുഴലി!

മരമില്ല,കുന്നില്ല,മലയില്ല,വയലില്ല
ഭീരമാം കോൺക്രീറ്റിൻ മാളികകൾ മാത്രം
പുഴയില്ല,തോടില്ല,കുളമില്ല ;
പൊട്ടിയൊഴുകിടും ഓടകൾ മാത്രം

പെയ്യേണ്ടകാലമായ് , പെയ്യേണ്ടെനിക്കിനി
ഇതു ഭൂമിയല്ല , യെന്നമ്മയല്ല
പെട്ടെന്നു മാരുതൻ ഉറ്റതോഴൻ
തള്ളിയിട്ടവളെ തൻ മഞ്ചലിൽ നിന്നും
വീഴുകയായവൾ കോൺക്രീറ്റിൻ നാട്ടിലേക്ക്
മണ്ണില്ലാ നാട്ടിലേക്ക് ....

ഏറെക്കൊതിച്ചവൾ ഒന്നു വേഗം
ഭൂമിതൻ മാറിലേക്കൂഴ്ന്നിറങ്ങാൻ
ഒരു തരി മണ്ണില്ലാ ഊഴ്ന്നിറങ്ങാൻ
വിലപിച്ചു ഭൂമിയെ പ്രാർത്ഥിച്ചൾ

ഭൂമിതൻ കണ്ണീരെന്ന പോലെ
ഇടതടവില്ലാതെ പെയ്തുമഴ
ഞെങ്ങിഞെരുങ്ങീ മഴത്തുള്ളികൾ
മുട്ടോളമെത്തി അരയോളമെത്തി
തലയ്ക്കൊപ്പമെത്തി

പലതുള്ളിയങ്ങനെ പെരുവെള്ളമായ്
പ്രളയമായ് , മിന്നൽ പ്രളയമായ്
കോൺക്രീറ്റ് മരങ്ങൾ കടപുടകി പലതും
മാളോരെല്ലാരും ദുരിതത്തിലായ്

ഇനിയൊന്നു ചെല്ലിട്ടു , ചിന്തിച്ചീട്ടു
മണ്ണ്നികൃഷ്ടമോ , നിർഗുണമോ
അതോ പൊന്നു വിളയും വരദാനമോ ?
മണ്ണിൻ മഹത്വമറിയാ മനുഷ്യാ

വെറും മണ്ണാണ നീ വെറും മണ്ണാണ നീ....



സൂര്യപുത്രി ഡി ബി

***9 D***

# സ്നേഹത്തിന്റെ പര്യായം



കിഴക്കേ ചക്രവാളത്തിൽ സൂര്യൻ ഉദിച്ചു പൊന്തി.പക്ഷി മൃഗാദികൾ ഇരതേടി അലയുന്നു.ആ കൊച്ചു ഗ്രാമത്തിൽ കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മണമുള്ള കുടിലിൽ അച്ചു എന്നൊരു സുന്ദരിക്കുട്ടി ജീവിച്ചിരുന്നു.കുസൃതിയിലൊട്ടും പിന്നിലല്ലായിരുന്നു അച്ചു. ആടിക്കളിക്കുന്ന നെൽക്കതിരുകൾക്കൊപ്പം അവളും കളിച്ചു. വട്ടമിട്ടു പറക്കുന്ന പക്ഷികൾക്കൊപ്പം പറക്കാൻ അവളും ആഗ്രഹിച്ചു.ഒരു ദിവസം അവളുടെ കുഞ്ഞു മനസ്സിൽ ഒരു സംശയമുദിച്ചു "സ്നേഹം എന്ന പദത്തിന് പര്യായ പദമുണ്ടാകുമോ ?” അച്ചു സംശയം ആദ്യം ഉന്നയിച്ചത് അവളുടെ അച്ഛനോടാണ് .അച്ഛാ ഈ സ്നേഹം എന്ന പദത്തിന് പര്യായം പറഞ്ഞുതരുമോ പക്ഷേ അച്ഛന് ആ ചോദ്യത്തിന് മറുപടി കൊടുക്കാനായില്ല. ആ സംശയം അവളെ അലട്ടിക്കൊണ്ടേയിരുന്നു.അച്ചു തന്റെ സംശയം വീട്ടുകാരോടും നാട്ടുകാരോടും സുഹൃത്തുക്കളോടും ഒക്കെ ചോദിച്ചു. പക്ഷേ ആരിൽ നിന്നും  ശരിയായ ഒരു ഉത്തരം അച്ചുവിന് ലഭിച്ചില്ല.അവൾ നിരാശയായി മടങ്ങി.നേരം സന്ധ്യയായി.അവളുടെ അച്ഛനും അമ്മയും മീൻ പിടുത്തക്കരാണ്.സാദാരമ സന്ധ്യാനേരത്ത് അവർ ഇരുവരും ഒന്നിച്ച് സന്തോഷത്തോടെയാണ് വീട്ടിലെത്താറ്. പക്ഷേ അതാ അവളുടെ അവളുടെ അച്ഛൻ മാത്രം കയറിവരുന്നു. കടീതെ അച്ഛന്റെ മുഖത്ത് നല്ല സങ്കടവും.അച്ചുവിന് കാര്യമറിയാൻ തിടുക്കാമായി. അവൾ കാര്യം എന്താണെന്ന് അന്വേഷിച്ചു.അപ്പോൾ അച്ഛൻ വളരെ ദയനീയമായി പറഞ്ഞു "അച്ചൂ...

നിന്റെ അമ്മ ഇന്ന് ഉച്ചയ്ക്ക് എന്നോടു പിണങ്ങിപ്പോയതാണ് ഇതുവരെ അവൾ തിരികെ വന്നിട്ടില്ല. എവിടെയാ പോയതെന്ന് എനിക്കറിയില്ല.എന്റെ ദൈവമേ... ഞാനിനി എവിടെ നോക്കാനാ "അച്ഛാ.. എന്റെ അ..മ്മ !" അച്ചുവിന്റെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകി.അച്ഛൻ അവളെ കാര്യങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കി പിന്നെയും തന്റെ പത്നിയെ തിരഞ്ഞ് പോയി.പ്രതീക്ഷയു

ടെ ഒരു നാമ്പുകൾ അദ്ദേഹത്തിന്റെ മനസ്സിലെവിടെയോ അപ്പോഴും ഉണ്ടായിരുന്നു. അച്ചു അമ്മയുടെ തിരിച്ചു വരവും കാത്ത് ഉമ്മറ്തിണ്ണയിൽ ഇരുന്നു.ഇടയ്ക്കെപ്പോഴോ ഉറക്കത്തിന്റെ അഗാധയിലേക്ക് അവൾ വഴുതി വീണു.

*നേരം പുലർന്നു.വീട്ടുമുറ്റത്ത് പത്രം വന്നു വീണു.അച്ചു ഞെട്ടിയുണർന്നു. നിറഞ്ഞ ഭയത്തോടെയും സങ്കടത്തോടെയും അവൾ പത്രം നിവർത്തി നോക്കി.പത്രത്തിന്റെ തലക്കെട്ട് ഇതായിരുന്നു: "ജീവന്റെ വില മനസ്സിലാക്കിയ റാണിയ്ക്ക് നാടിന്റെ അനുമോദനം" അവളുടെ മനസ്സ് അഭിമാനം കൊണ്ട് നിറഞ്ഞു. കടലിൽ വീണ് മരിക്കാറായ ഒരു കുഞ്ഞിന്റെ ജീവൻ തന്റെ അമ്മ രക്ഷിച്ചിരിക്കുന്നു. വാർത്തയുടെ കൂടെ അച്ചുവിന്റെ അമ്മയുടെ ചിത്രവും. വലിയ ഹർ ഷാരവങ്ങളോടെയാണ് അവളുടെ അമ്മയെ ആ നാട് വരവേറ്റത്. അമ്മയെ കണ്ട നിമിഷം അച്ചു ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു.അന്നവൾ മനസ്സിലാക്കി , സ്നേഹത്തിന് ഏറ്റവും ഉദാത്തവും ഉത്തമവുമായ പര്യായം അമ്മതന്നെയാണെന്ന്.*



***കീർത്തി ഡി***

***9D***

## മഹദ് വചനങ്ങൾ

അഭിരുചി നിയമംകൊണ്ട് നിയന്ത്രിക്കാനാകില്ല

-തോമസ് ജഫേഴ്സൺ

നല്ല അഭിഭാഷകരെ വളർത്തുന്നത് ചീത്ത മനുഷ്യരാണ്

-ചാൾസ് ഡിക്കൻസ്

അധികാരത്തിന്റെ യുക്തി അധികാരം തന്നെയാണ് .
നിയമത്തിന്റെ യുക്തി നിയമമായിരിക്കും പോലെ

-വാർട്ടർ സ്കോട്ട്

ആഗ്രഹം , വികാരം , അറിവ് എന്നീ ശ്രോതസ്സുകളിൽ
നിന്നാണ് മനുഷ്യന്റെ സ്വഭാവം രൂപപ്പെടുന്നത്

-പ്ലാറ്റോ

സ്വന്തം അജ്ഞാനത്തെക്കുറിച്ച് മനസ്സിലാക്കലാണ്
മറ്റുള്ളവരുടെ അജ്ഞാനത്തെ കൈകാരിയം ചെയ്യാനുള്ള നല്ല രീതി

-കാൾ യൂങ്

ആരാധന അജ്ഞതയുടെ പുത്രിയാകുന്നു

-ഫ്രാങ്കിൻ

എന്നിൽ ഒരു ആരാധനാ പാത്രത്തെ കാണാൻ നിങ്ങൾ
ശ്രമിക്കരുത്.ദാഹമുള്ളവർ പാത്രത്തിലെ വെള്ളം കുടിക്കട്ടെ,
പാത്രത്തെ ആരാധിക്കരുത്.

-ജിത്തു കൃഷ്ണമൂർത്തി

നന്നായി ആരംഭിച്ചത് പാതി ചെയ്തതിന് തുല്യമാണ്

-ഹൊരസ്

അസഹിഷ്ണുതതന്നെ ഒരു തരം ആക്രമണമാണ്.ശരിയായ ജനാധിപത്യ
മനോഭാവം വളരുന്നതിന് അത് തടസ്സമാണുതാനും.

-മഹാത്മാ ഗാന്ധി

ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്ന്

പിഴയ്ക്കും ശിഷ്യന്.

-കുഞ്ചൻ നമ്പ്യാർ

ഒരാശയവും ചങ്ങാതിയും ഒരുപോലെയാണ് .

രണ്ടും നമുക്ക് പ്രതീക്ഷ നൽകുന്നു.

-ഷേക്സ്പിയർ

തീ വിറകു തിന്നുന്നതുപോലെ അസൂയ

നിങ്ങളുടെ നന്മകലെ തിന്നു തീർക്കുന്നു.

-മുഹമ്മദ് നബി

അവകാശമെന്നത് നിങ്ങൾക്ക് ആരും തരുന്നതല്ല.

ആർക്കും നിങ്ങളിൽ നിന്ന് എടുത്തുമാറ്റാൻ കഴിയാത്ത

തെന്തോ അതാണത്.

-റാംസെ ക്ലാർക്ക്

നിങ്ങളെനിക്ക് രക്തം തരൂ ,

ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം.

-സുഭാഷ് ചന്ദ്ര ബോസ്

നമ്മൾ പ്രതീക്ഷിക്കുന്നത് തരാൻ ജീവിതത്തിന് ഒരു ബാധ്യതയമില്ല.

-മാർഗരറ്റ് മിച്ചൽ

ദുരുദ്ദേശ്യത്തോടെ പറയുന്ന സത്യം , നിങ്ങൾക്ക് പറയാൻ കഴിയുന്ന

ഏത് കളവിനേയും കടത്തിവെട്ടും.

-വില്യം ബ്ലേക്ക്

മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന എല്ലാ കെടുതികൾക്കും

ദുരിതങ്ങൾക്കും ഉത്തമമായ പ്രതിവിധി ജോലിയാണ്.

-തോമസ് കാർലൈൻ

അനുസരണ , സന്നദ്ധത , ലക്ഷ്യത്തിലേക്കുള്ള താത്പര്യം എന്നിവ നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളെ പിന്തിരിപ്പിക്കാൻ ആർക്കും കഴിയില്ല.

-സ്വാമി വിവേകാനന്ദൻ

മനസ്സിനെ പാകമാക്കിയെടുക്കലാണ് മനുഷ്യാസ്തിത്ത്യത്തിന്റെ ആത്യന്തിക ലക്ഷ്യം.

-ബി ആർ അംബേദ്കർ

ഒരു വ്യക്തിക്ക് മനസ്സിലാകുന്ന ഭാഷയിൽ നിങ്ങൾ സംസാരിച്ചാൽ അതവന്റെ മസ്തിഷ്ക്കത്തിൽപ്രവേശിക്കുന്നു.അവന്റെ മാതൃഭാഷയിൽ സംസാരിച്ചാൽ അതവന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു.

-നെൽസൺ മണ്ടേല



*ആദിത്യൻ എസ്*

8 D

## ***നന്ദി***

ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി സ്നേഹത്തിന്റെ ഭാഷയിൽ അറിയിക്കുന്നു.

*ചീഫ് എഡിറ്റർ*